പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3395      14.03.2017 ൽ മറുപടിയ്ക്ക്

# കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.രാമചന്ദ്രൻ | ശ്രീ.പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ധനകാര്യ വകുപ്പിനെ ഉൾപ്പെടുത്തരുതെന്ന സെക്രട്ടറിതല സമിതി ശിപാർശ സർക്കാർ അംഗീകരിക്കാത്തതിന് കാരണമെന്തെന്ന് വ്യക്തമാക്കാമോ; | (എ) 16.08.2016 ൽ രൂപീകരിച്ച സെക്രട്ടറിതല സമിതി ധനകാര്യ വകുപ്പിനെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്തരുതെന്ന് ശിപാർശ നൽകിയിട്ടില്ല. |
| (ബി) ഏതെല്ലാം സംസ്ഥാനങ്ങളിലാണ് ധനവകുപ്പ് സെക്രട്ടേറിയറ്റിനെ പ്രസ്തുത സംസ്ഥാനങ്ങളിൽ രൂപീകരിച്ച അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി)<br>(സി) പ്രത്യേകമായി പഠനം നടത്തിയിട്ടില്ല. |
| (സി) ബഡ്ജറ്റ്, പേ-റിവിഷൻ, സംസ്ഥാനത്തിന്റെ സാമ്പത്തിക ക്രയവിക്രയത്തിന്റെ നടത്തിപ്പുകാരൻ, സർവ്വീസ് ചട്ടങ്ങളുടെ ചുമതലക്കാരൻ എന്നീ നിലകളിൽ പൂർണ്ണമായും മറ്റു വകുപ്പുകളിൽ നിന്നും വ്യത്യസ്തമായി നിലകൊള്ളുന്ന ഒരു ഉപദേശക വകുപ്പ് കൂടിയായ ധനകാര്യ വകുപ്പിനെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്തുന്നത് കൊണ്ടുണ്ടായേക്കാവുന്ന ദോഷവശങ്ങളെക്കുറിച്ച് സമഗ്രമായി പഠനം നടത്തിയിട്ടുണ്ടോ; പഠന റിപ്പോർട്ട് ലഭ്യമാക്കാമോ; | |
| (ഡി) മൂന്നാം ഭരണ പരിഷ്കാര കമ്മീഷന്റെ ശുപാർശയിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ സെക്രട്ടേറിയറ്റിനെ ഉൾപ്പെടുത്താനുള്ള ശുപാർശയുണ്ടായിരുന്നോ; ശുപാർശ അടങ്ങിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ഡി) ഉണ്ടായിരുന്നു. 3-ാം ഭരണപരിഷ്കാര കമ്മീഷന്റെ 9-ാമത് റിപ്പോർട്ടിന്റെ 3-ാം അദ്ധ്യായത്തിൽ പ്രസ്തുത ശുപാർശ പരാമർശിച്ചിട്ടുണ്ട്.<br>(പകർപ്പ് അനുബന്ധമായി ചേർക്കുന്നു) |

സെക്ഷൻ ഓഫീസർ